ലാത്തിമാത്രം പോലീസിനു കൊടുത്തുകൊണ്ട് എല്ലാ കേസുകളും തെളിയിക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ് ലാത്തി കൊണ്ടടിച്ച് എല്ലാ കേസുകളും തെളിയിക്കാൻ സാധിക്കുന്നത്. ആധുനികമായ കേസ് അന്വേഷണ സമ്പ്രദായങ്ങളും എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത്? നിങ്ങളും ഇവിടെ ട്രെയിനിംഗിനു അയക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ ട്രെയിനിംഗ് കഴിഞ്ഞു ഇതെല്ലാം പഠിച്ചുവരുന്നവരാണ്. എന്തുകൊണ്ട് നിങ്ങളും ട്രെയിനിംഗ് കോളേജിൽ ഇതുപോലുള്ള ആധുനിക രീതിയിലുള്ള സമ്പ്രദായങ്ങളും പഠിപ്പിക്കാൻ തയ്യാറാകുന്നില്ല? പല പുതിയ ആധുനിക സമ്പ്രദായങ്ങളും ഉണ്ട്. ഒരു പ്രതി നുണ പറഞ്ഞാൽ അത് നുണയാണോയെന്നു കണ്ടുപിടിക്കാനുള്ള യന്ത്രം ഉണ്ട്. ഒരു പ്രതിയെക്കൊണ്ട് നേരുപറയിക്കാൻ വേണ്ടി truth telling drugs ഉണ്ട്. ശാസ്ത്രജ്ഞൻമാർ ശാസ്ത്രീയമായ രീതിയിൽ മനസ്സിന്റെ ഉള്ളറയിൽ നിന്നും സത്യം കണ്ടുപിടിക്കാനുള്ള യന്ത്രങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഇങ്ങനെ ആധുനികരീതിയിലുള്ള യന്ത്രങ്ങളും ഉള്ളപ്പോൾ ലാത്തി മാത്രം കൊടുത്തുകൊണ്ട് പോലീസ് കുറ്റം തെളിയിക്കണമെന്നു പറയാതെ ആധുനികമായ സമ്പ്രദായങ്ങളും നടപ്പിലാക്കണമെന്നാണ് എനിക്കുപറയാനുള്ളത്. പോലീസിനെ നിർവീര്യമാക്കുന്നതിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി അവർക്കു പുതിയൊരു വീര്യം കൊടുക്കാനും പുതിയൊരു നിയമ പരിപാലനരീതി നടപ്പിലാക്കാനും അടിയന്തിരമായി ആഭ്യന്തരമന്ത്രി ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ അദ്ദേഹം വിജയിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

V പ്രസ്താവന

ഒരു കൊലക്കേസ് പ്രതിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന ആരോപണത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഇന്നത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എം. വി. രാഘവൻ എനിക്കെതിരായി വ്യക്തിപരമായ ഒരാരോപണം ഉന്നയിക്കുകയുണ്ടായി. നിയമസഭാ നടപടിച്ചട്ടം അനുസരിച്ച് എന്നെ എഴുതി അറിയിക്കുകയോ മറ്റൊന്നുംതന്നെ ചെയ്തിട്ടില്ല. എങ്കിൽപോലും അതിനെക്കുറിച്ച് ഇവിടെ ഞാൻ ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. രാഘവൻ ഇവിടെപ്പറഞ്ഞത് ആലപ്പുഴയിലെ ഒരു കൊലക്കേസ് സാക്ഷിയെ ഞാൻ സ്വാധീനിക്കുവാൻ പരിശ്രമിച്ചു എന്നാണ്. ആ ആരോപണം ഞാൻ അപ്പാടെ നിഷേധിക്കുകയാണ്. ഇത് കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കെട്ടുകഥയാണെന്നു ഞാൻ പറയുകയാണ്.

ആഭ്യന്തര വകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): സർ, പോലീസ് വകുപ്പിനേയും അതിനോടനുബന്ധിച്ച മറ്റു വകുപ്പുകളേയും സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ദേവസ്സിക്കുട്ടി എനിക്ക് നൽകിയ മംഗളാശംസയോടും വിജയാശംസയോടും ഞാൻ അതീവ കൃതജ്ഞനാണ്. അതിനു അദ്ദേഹത്തിനു ഞാൻ അങ്ങേയറ്റത്തെ നന്ദി പ്രകാശിപ്പിക്കുകയാണ്. ശ്രീ. ദേവസ്സിക്കുട്ടി ഉൾപ്പെടെ ഭരണപക്ഷത്തും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തുമുള്ള പല മെമ്പറൻമാരും ഇവിടെ സംസാരിച്ചപ്പോൾ പോലീസ് വകുപ്പിനെക്കുറിച്ച് ചില നിർദ്ദേശങ്ങളും വിമർശനങ്ങളും നൽകുകയുണ്ടായി. ആ നിർദ്ദേശങ്ങളും വിമർശനങ്ങളും മുഖവിലയ്ക്ക് എടുത്തുകൊണ്ട് ശരിയായ കാര്യങ്ങളെ സംബന്ധിച്ച് വീണ്ടും പരിശോധിച്ചുകൊണ്ട് ഈ വകുപ്പിൽ കൂടുതൽ മാറ്റങ്ങൾ വരുത്തുവാൻ അങ്ങേയറ്റം ശ്രമിക്കുന്നതാണ്. ഇതിൽ പങ്കെടുത്ത എല്ലാവരേയും ഞാൻ അഭിനന്ദിക്കുകയാണ്.

പോലീസ് വകുപ്പ് കുറ്റമറ്റതാണെന്ന അഭിപ്രായം എനിക്കില്ല. ഏത് വകുപ്പിന്റെ പ്രവർത്തനത്തിലും കാണുന്ന ചില പോരായ്മകൾ ഈ വകുപ്പിന്റെ പ്രവർത്തനത്തിലും അവിടെയും ഇവിടെയും കാണും. വളരെ സഹിഷ്ണതയോടുകൂടി ഈ വകുപ്പിന്റെ പ്രവർത്തനത്തെ കാണണമെന്നാണ് എനിക്ക് ആദ്യമായി ബഹുമാനപ്പെട്ട അംഗങ്ങളോട് പറയാനുള്ളത്. പോലീസിന് ചുമതല വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിലില്ലാത്തതായ പ്രത്യേക പരിതഃസ്ഥിതി ഇന്നു കേരളത്തിലുണ്ട്. ആ പ്രത്യേക പരിതഃസ്ഥിതി എന്നു പറയുന്നതിൽ ഒന്നാമത്തേത് ജനസാന്ദ്രതയാണ്. രണ്ടാമത്തേത് രാഷ്ട്രീയ പ്രബുദ്ധത, മൂന്നാമത്തേത് വിദ്യാർത്ഥികളുടെ ബാഹുല്യം ഇന്നുള്ള ജനസംഖ്യയിൽ കാൽഭാഗം വിദ്യാർത്ഥികളാണ്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ മറ്റു സംസ്ഥാനങ്ങളിൽ ഇല്ലാത്ത പരിതഃസ്ഥിതി കേരളത്തിലുള്ളതുകൊണ്ട് പലപ്പോഴും ഫ്രിക്ഷനും സംഘർഷത്തിനും സാഹചര്യം ഉണ്ടാകുന്നുണ്ട്. ഈ സാഹചര്യങ്ങളെല്ലാം കേരളത്തിൽ ഉണ്ടെങ്കിൽത്തന്നെയും ക്രമസമാധാനപരിപാലന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി നിൽക്കുന്നുവെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. പോലീസിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, ഇന്ന് പോലീസിന്റെ സേവനം എല്ലാ സ്ഥലങ്ങളിലും ആവശ്യമായിരിക്കുകയാണ്. സമാധാനപാലനത്തിന് മാത്രമല്ല, സാമൂഹ്യ സേവനത്തിനും പോലീസിനെ ഉപയോഗിക്കുന്നുണ്ട്. എവിടെ ഒരു പ്രശ്നം ഉണ്ടായാലും അവിടെ ഉടനേതന്നെ പോലീസ് എത്തണം. എല്ലായിടത്തും ഒരുപോലെ എത്താൻ ശ്രമിക്കുന്നുമുണ്ട്. പിന്നെ അൽപം ചില പോരായ്മകൾ കാണും മൊത്തത്തിൽ നോക്കുമ്പോൾ പോലീസിന്റെ പ്രവർത്തനം വിജയകരമാണെന്നു പറയുമ്പോൾ ഗവൺമെന്റിന് വളരെയധികം സന്തോഷം ഉണ്ട്. ആ ഒരു വ്യത്യാസം കേരളത്തിൽ ഉണ്ട്. പ്രത്യേക പരിതഃസ്ഥിതിയുണ്ടെന്നു ഞാൻ പറഞ്ഞുവെങ്കിലും ഇൻഡ്യയിലെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പോലീസിന്റെ സംഖ്യ വിരളമാണ്. ഉന്നതാധികാരകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് 500 ആളുകൾക്ക് ഒരു പോലീസ് എങ്കിലും വേണമെന്നാണ്. കേരളത്തിൽ അത് സാധിച്ചിട്ടില്ലായെന്നു മാത്രമല്ല, 800 ആളുകൾക്കും പോലും ഒരു പോലീസ് ഉണ്ടായിട്ടില്ല. ഇതിന്റെ കണക്ക് പതിനായിരം ആളുകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ആന്ധ്രയിൽ 9.2, കർണ്ണാടകത്തിൽ 10.8, തമിഴ്നാട്ടിൽ 9.8, ഗുജറാത്തിൽ 15.2, മഹാരാഷ്ട്രയിൽ 14.9, പശ്ചിമ ബംഗാളിൽ 13.3, യു. പി. യിൽ 10.9 പോലീസുകാരുള്ളപ്പോൾ കേരളത്തിൽ ഉള്ളത് വെറും 8.6 ആണ്. ഇൻഡ്യയിലെ മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളത്തിലാണ് പോലീസിന്റെ സംഖ്യ കുറവുള്ളത്. വളരെയധികം പ്രശ്നങ്ങളുള്ള കേരളത്തിൽ വളരെ പരിമിതമായ പോലീസ് സംഖ്യ ഉള്ള സാഹചര്യത്തിൽ ഇവിടത്തെ പ്രശ്നങ്ങൾ എങ്ങനെ പോലീസിനു കൈകാര്യം ചെയ്യാൻ സാധിക്കും എന്നുള്ള കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറൻമാർ ആലോചിക്കണം, അങ്ങനെ നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ സംഖ്യ വർദ്ധിപ്പിക്കേണ്ടതുണ്ട്, പോലീസിന്റെ സംഖ്യ വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം ഉള്ളപ്പോൾ, ശ്രീ. ബാലകൃഷ്ണപിള്ള ഇവിടത്തെ ഡി. ഐ ജി. മാരുടെ എണ്ണത്തിലുള്ള വർദ്ധനവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സർ, ഇന്നു മദ്ധ്യപ്രദേശിൽ 6 ഐ.ജി മാരുണ്ട്. ഇത് 27-3-1978-ലെ കേരളകൗമുദി പത്രത്തിൽ വന്നതാണ്. ഒരേ സംസ്ഥാനത്തിൽ 6 ഐ. ജി. മാരുണ്ടായിരിക്കുക, അവർ പരസ്പരം മൽസരിച്ച് സ്ഥാനം ഉറപ്പിക്കാനും അധികാരം കയ്യേറാനും ശ്രമിക്കുക, ഭരണരംഗത്തെ ഒരു അൽഭുത പ്രതിഭാസമാണിത്.

മദ്ധ്യപ്രദേശിൽ 6 ഐ. ജി. മാരുള്ളപ്പോൾ ഇവിടെയുള്ള ഏതാനും ചില ഡി.ഐ.ജി.മാരുടെ കാര്യമാണ് ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന നില കാത്തുസൂക്ഷിക്കണമെന്നുണ്ടെങ്കിൽപോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണം. ശ്രീ.ഷെറീഫ് പറഞ്ഞതുപോലെ മദ്ധ്യപ്രദേശിലുള്ള നാലു കമ്പനി പോലീസ് കേരളത്തിൽ താവളമടിച്ച് പ്രവർത്തിക്കുകയാണ്. അവരുടെ സേവനം നമ്മൾ എടുത്തിരിക്കുകയാണ്. അവർക്ക് വേണ്ടി പ്രതിവർഷം 43 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഇത് വലിയ നഷ്ടമാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിൽ 2 ബറാലിയൻ രൂപീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്തത്. ഒരു ബറാലിയൻ ഏർപ്പെടുത്തി. ഇതുകൊണ്ട് പത്ത് ലക്ഷം രൂപയേ അധികച്ചെലവുണ്ടാകുകയുള്ളു. 4 കമ്പനിയെന്നു പറയുന്നത് 400 പേരാണ്. 400 പേർക്ക് 43 ലക്ഷം രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുന്നത്. എന്നാൽ ഒരു ബറാലിയൻ എന്നു പറഞ്ഞാൽ 700 പേരുണ്ട്. അതിനു വേണ്ടിവരുന്ന ചെലവ് 53 ലക്ഷം രൂപ മാത്രമാണ്. മദ്ധ്യപ്രദേശിലെ സേനയെ നമ്മുടെ സഹായത്തിനുവേണ്ടി ക്ഷണിച്ചാൽ 43 ലക്ഷം രൂപ ചെലവാകും. അതുകൊണ്ട് ഏത് നിലയിലായാലും ഒരു ബറാലിയൻ രൂപീകരിക്കേണ്ടത് ആവശ്യമാണ്. അതിനുവേണ്ട തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പോലീസിന്റെ സംഖ്യാബലം വർദ്ധിപ്പിച്ചെടുത്തുകൊണ്ട് ഇവിടത്തെ ക്രമസമാധാന നില മുമ്പോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പോലീസിന്റെ സംഖ്യാബലം വർദ്ധിപ്പിച്ച് ജനങ്ങളുടെ നേരെ പോലീസിന്റെ കയറൂരി വിടാനല്ല ആഗ്രഹം. നമ്മുടെ പോലീസ് സേന മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതുപോലെ ഇവിടെ പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഒരു പ്രത്യേക വസ്തുതയാണ്. ഈ കഴിഞ്ഞവർഷം 1,030 വിദ്യാർത്ഥി പ്രക്ഷോഭണങ്ങളും 517 തൊഴിൽ സമരങ്ങളും 18 സാമുദായിക സംഘർഷങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാംതന്നെ 1978 ആരംഭകാലത്ത് ഉണ്ടായ ഒരു വെടിവയ്പ്പ് ഒഴിച്ചാൽ മറ്റ് വെടിവയ്പ്പുകളില്ലാത്ത; ലാത്തിച്ചാർജ് ഇല്ലാത്ത, അനിഷ്ട സംഭവങ്ങളില്ലാത്ത രീതിയിലാണ് പോലീസ് പ്രവർത്തിച്ചിട്ടുള്ളത്. ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് പോലീസിനെക്കൊണ്ടു നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നിശ്ചയമായും ഈ വകുപ്പിനെ വിമർശിക്കുമ്പോൾ സഹിഷ്ണുതയോടുകൂടി വീക്ഷിക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

ഇവിടെ അടിച്ചമർത്തൽ അനിവാര്യമായിവരുന്ന സാഹചര്യത്തിൽ ശക്തി പ്രകടനംകൊണ്ട് അത് ഒഴിവാക്കുകയെന്നുള്ളതാണ്. അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നെങ്കിൽ ശക്തിപ്രകടനംകൊണ്ട് ഒഴിവാക്കുകയെന്നുള്ള ജനാധിപത്യമര്യാദ, ജനാധിപത്യ പ്രവർത്തനശൈലി ആണ് കേരള പോലീസ് നോക്കുന്നത്. വടക്കേ ഇന്ത്യയിൽ ഏതെങ്കിലുമൊരു സംഭവമുണ്ടായാൽ വെടിവച്ച് തീർക്കും. ഇവിടെ ബലപ്രയോഗം

LIBRARY ARCHIVES Kerala Legislative Assembly

തെറ്റാണെന്ന് ഞാൻ പറയുന്നില്ല, വേണമെങ്കിൽ ബലപ്രയോഗം ആകാം, ബലം പ്രയോഗിക്കേണ്ടതായി വരും. ശക്തി പ്രകടനങ്ങൾകൊണ്ടു അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്ന ശാസ്ത്രീയമായ വളരെയധികം പരിഷ്കൃതമായ ഒരു പ്രവർത്തന ശൈലിയാണ് കേരളാപോലീസ് ആവിഷ്കരിച്ചിട്ടുള്ളത്, അതാണ് സ്വീകരിച്ചിട്ടുള്ളത്. കാർഷിക രംഗത്തെ വികസന പരിപാടിപോലെ, മാറ് ഏതെങ്കിലും ഒരു വികസന പരിപാടിപോലെയല്ല പോലീസ് ഡിപ്പാർട്ടുമെൻറ്. ഒരു ആശുപത്രി കെട്ടിടം ഉൽഘാടനം ചെയ്താൽ, സ്കൂൾ കെട്ടിടം തുറന്നാൽ വെള്ളം കൊടുത്താൽ, വിദ്യുച്ഛക്തി കൊടുത്താൽ പ്രകടമായി ആസ്മാരകം എന്നും കാണാൻ കഴിയും. അങ്ങനെയുള്ള നല്ല കാര്യങ്ങൾ ചെയ്താൽ ആർക്കും വിരോധമില്ല. ബഹുജനങ്ങൾ സഹർഷം അത് സ്വാഗതം ചെയ്യും. നേരേമറിച്ച് പോലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഭിന്നമായ കാഴ്ചപ്പാടാണുള്ളത്. നിയമം ലംഘിക്കുന്നവർക്കെതിരായി പോലീസ് നടപടി സ്വീകരിച്ചാൽ, നിയമ സമാധാനത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചാൽ ഒരു വിഭാഗത്തിന് എന്നും പരാതി ഉണ്ടായിരിക്കും. ഏതെങ്കിലുമൊരു വിഭാഗം പരാതിക്കാരായിരിക്കും. പോലീസ് പ്രവർത്തനരഹിതമായാൽ പറയും നിഷ്ക്രിയമാണ് എന്ന്. പോലീസ് കർമ്മോൻമുഖമായിത്തീർന്നാൽ പറയും അതിക്രമം കാണിക്കുന്നുവെന്ന്. ഒരുകാര്യം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പോലീസ് ആക്ററീവാണ്, നിഷ്ക്രിയരാണ്, ആ നിലയ്ക്ക് പോലീസിന്റെ പ്രവർത്തനത്തെ ഞാൻ കാണുകയാണ്. രാജ്യത്തെ ജനങ്ങൾക്കു സുരക്ഷിതത്വബോധം കൊടുക്കാൻ നമ്മുടെ ഗവൺമെൻറിനു കഴിഞ്ഞിട്ടുണ്ടോയെന്നുള്ളതാണ് അളവുകോൽ. ആ അളവുകോൽവച്ച് നോക്കുകയാണെങ്കിൽ കേരള സംസ്ഥാനത്തിലെ ജനങ്ങൾക്കു ഇന്ന് അരക്ഷിതത്വ ബോധമല്ല സുരക്ഷിതത്വ ബോധമാണുള്ളത്. ആ സുരക്ഷിതത്വബോധം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഈ സന്ദർഭത്തിൽ ഇൻഡ്യയിലെ മാറ്റു പല സംസ്ഥാനങ്ങളിലേക്ക് എന്റെ ചിന്ത പോകുകയാണ്. ഡൽഹിയിലും, ബീഹാറിലും, പഞ്ചാബിലും, ആന്ധ്രായിലും, തമിഴ് നാട്ടിലും, കർണ്ണാടകത്തിലും, യു.പി. യിലും എന്താണ് നടക്കുന്നത്? ഡൽഹിയിലെ അവസ്ഥയെപറ്റി 31-8-1978-ൽ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഒരു വാർത്ത വന്നു. ഇൻഡ്യൻ എക്സ്പ്രസ്സ് കാട്ടു ചെയ്താൽ പ്രതിപക്ഷം അത് സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. People are wondering if Delhi has become the capital of crimes. ഡെൽഹി കുററകൃത്യങ്ങളുടെ തലസ്ഥാനമായി മാറിയിരിക്കുകയാണോയെന്ന് അടുത്തകാലത്ത് ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽവന്ന വാർത്ത പ്രതിപക്ഷത്തിരിക്കുന്ന ബഹുമാന്യരായ നേതാക്കളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. അതുപോലെതന്നെ ബീഹാറിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ കൂട്ടക്കൊലകളും നമ്മുടെ, ഇൻഡ്യയുടെ തന്നെ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ്. ജയപ്രകാശിന്റെ നേതൃത്വത്തിലുള്ള മഹിളാസമിതി അടുത്തകാലത്ത് ഒരു പ്രസ്താവന ഇറക്കുകയുണ്ടായി. ഒരു ലേഖനം അവർ പ്രസിദ്ധീകരിച്ചു ആ പ്രസ്താവനയിൽ ബീഹാറിലും ബംഗാളിലും മാറ് പത്തു ജില്ലകളിലും നടക്കുന്ന കാട്ടാള ഭരണത്തെപറ്റി തോക്കുമായി നടക്കുന്ന ആളുകൾ നടത്തുന്ന ഭരണത്തെപ്പറ്റി നിശിതമായി വിമർശിച്ചിട്ടുണ്ട്. ഹരിജനങ്ങളെ കൊന്നൊടുക്കുന്നു, ക്രമസമാധാനനില തകർക്കുന്നു, അരക്ഷിതാവസ്ഥ വ്യാപിക്കുന്നു അവിടത്തെ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ പറയുകയാണ് പോലീസിനെകൊണ്ട് ക്രമസമാധാനം

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കാൻ കഴിയുകയില്ല, ഹരിജനങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുകയില്ല, വേണമെങ്കിൽ ഹരിജനങ്ങൾക്ക് സ്വയം രക്ഷയ്ക്കുവേണ്ടി തോക്ക് നൽകാമെന്ന്. ഈ സ്ഥിതി നിലവിലിരിക്കുമ്പോൾ കേരളത്തിലെ ക്രമസമാധാനനിലയെപ്പറ്റി പുച്ഛിക്കുന്നതു കേൾക്കുമ്പോൾ എനിക്ക് ഹൃദയവേദന തോന്നുകയാണ്, അൽഭുതം തോന്നുകയാണ്. മദ്ധ്യപ്രദേശിൽ അടുത്തകാലത്ത് ഗ്രാൻറ് ട്രങ്ക് എക്സ്പ്രസ്സ് തീവണ്ടി ബീനാസ്റേഷനിൽവച്ച് ആറേഴ് പ്രാവശ്യം കൊള്ളയടിക്കുകയുണ്ടായി. തീവണ്ടിയിൽ യാത്ര ചെയ്യാൻപോലും മദ്ധ്യപ്രദേശിൽകൂടി കടന്നുപോകുമ്പോൾ ഭയമാണ്. അതേക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. യു. പി. യിൽ നടന്ന സംഭവത്തെ സംബന്ധിച്ച് ഈ സഭയിൽ പല മെമ്പർമാരും സൂചിപ്പിക്കുകയുണ്ടായി. യു. പി. യിലെ പരിതഃസ്ഥിതി അതാണ്. ജീവിതഭദ്രതയെ സംബന്ധിച്ച് നീരുറവയില്ലാത്ത ഇൻഡ്യയിലെ മരുഭൂമിയിൽ എവിടെയെങ്കിലും ഒരു തണൽ കാണുന്നുവെങ്കിൽ അതു കേരളത്തിൽ മാത്രമാണെന്ന് ഈ ഗവൺമെൻറ് അഭിമാനത്തോടുകൂടി പറയാനാഗ്രഹിക്കുകയാണ്. നിയമ സമാധാനത്തെ സംബന്ധിച്ച് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ജനസാന്ദ്രത വർദ്ധിക്കുന്നതിനനുസൃതമായി കുറ്റകൃത്യങ്ങൾ വർദ്ധിക്കുക സ്വാഭാവികമാണ്. കേരളത്തിൽ അങ്ങനെയല്ല. 1973 അടിസ്ഥാനവർഷമായി പരിഗണിച്ചാൽ 1977-78-ൽ ഇൻഡ്യയൊട്ടാകെ പതിനഞ്ചുശതമാനത്തോളം കുറ്റകൃത്യങ്ങൾ വർദ്ധിച്ചു. പക്ഷേ കേരളത്തിൽ അത് നിയന്ത്രണവിധേയമാക്കി നിർത്താൻ നമുക്ക് കഴിഞ്ഞെങ്കിൽ നമ്മുടെ നേട്ടമായി അതിനെ പരിഗണിക്കാവുന്നതാണ്. അതുപോലെ തന്നെ പ്രോപ്പർട്ടിക്രൈംസിൻെറ കാര്യം. പ്രോപ്പർട്ടിക്രൈംസ് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ കുറവാണ് കേരളത്തിൽ. 1978-ലെ കണക്ക് ഞാൻ ഉദ്ധരിക്കുകയാണ്. ഒരു ലക്ഷം ജനസംഖ്യയുടെ അടിസ്ഥാനം പരിശോധിക്കുമ്പോൾ 1978-ൽ തെന്നിന്ത്യയിലെ കുറ്റകൃത്യങ്ങളുടെ കണക്ക് റഫർ ചെയ്യാം. തമിഴ്നാട്ടിൽ 101, കർണ്ണാടകത്തിൽ 100.45, ആന്ധ്രയിൽ 71, കേരളത്തിൽ 35.37. പ്രോപ്പർട്ടി ക്രൈംസ് തെന്നിന്ത്യയിൽ ഏറ്റവും കുറവുള്ളത് കേരളത്തിലാണ്. ഇതെല്ലാം കണക്കുകൾ സംസാരിക്കുന്നതാണ്. ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. കേരളത്തിനകത്തെ പരിതഃസ്ഥിതി പരിശോധിച്ചാൽ പ്രോപ്പർട്ടി ക്രൈംസിൻെറ എണ്ണം മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരികയാണ്. കേരളത്തിൽ തന്നെ പരിതഃസ്ഥിതി വിലയിരുത്തുമ്പോൾ കൊല്ലംകഴിയുംതോറും കുറഞ്ഞുവരികയാണ്. 1973-ൽ പ്രതിപക്ഷനേതാവിൻെറ കാലത്ത് 101,43 പ്രോപ്പർട്ടിക്രൈംസ് ഉണ്ടായിരുന്നു. 1975-ൽ 101,34 പ്രോപ്പർട്ടി ക്രൈംസ് ഉണ്ടായിരുന്നു. 1978-ൽ അത് 8,772 ആയി കുത്തനെ താഴോട്ടു വന്നെങ്കിൽ പോലീസ് വകുപ്പിൻെറ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ആ പ്രവർത്തനത്തിൻെറ നേട്ടമായി കാണുകയാണ്. സാധാരണ കുറ്റകൃത്യങ്ങൾ തടയുന്നതുപോലെ ഒരു കൊലപാതകത്തെ സംബന്ധിച്ചിടത്തോളം തടയാൻ കഴിയുകയില്ല. അത് സത്യമാണ്, കൊലപാതകങ്ങൾ പലപ്പോഴും പെട്ടെന്നുണ്ടാകുന്ന വികാര ക്ഷോഭത്തിൻെറ ഫലമായി ഉണ്ടാകുന്നതാണ്. പൊളിറ്റിക്കൽ ക്രാഷസ്സിനെ സംബന്ധിച്ചിടത്തോളം കുറച്ചൊക്കെ തടയാൻ കഴിയും. പൊളിറ്റിക്കൽ ക്രാഷസ്സ് എടുക്കുകയാണെങ്കിൽ 1977-ൽ 1011 പൊളിറ്റിക്കൽ ക്രാഷസ്സ് ഈ രാജ്യത്തുണ്ടായിരുന്നു. 1978-ൽ 824 ആയി കുറഞ്ഞു. മർഡേഴ്സിൻെറ കാര്യമെടുക്കാം. ഈ രാജ്യത്ത് 1978-ൽ 21 ആയി കുറഞ്ഞു. പ്രോപ്പർട്ടിക്രൈംസ്, പൊളിറ്റിക്കൽ മർഡർ ഈ രംഗങ്ങളിൽ നമുക്ക് കാര്യമായ ഇംപ്രൂവ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ നമുക്ക് അത് ആശ്വസിക്കാൻ കഴിയും. ഇന്നുരാവിലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറയുകയുണ്ടായി ഭീകരാവസ്ഥയുടെ കാലഘട്ടമൊക്കെ കഴിഞ്ഞില്ലേ എന്ന്. 1978-ൽ ഇൻഡ്യയിലാകെ160 ഭീകരസംഭവങ്ങളുണ്ടായി, നക്സലൈറ്റ് സംഭവം വെസ്റ്റ് ബംഗാളിൽ 68, ബീഹാറിൽ 30, ആന്ധ്രായിൽ 45, കേരളത്തിൽ ഒരു സംഭവംപോലും ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അടിയന്തിരാവസ്ഥക്കാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഭരിച്ചുകൊണ്ടിരുന്ന കാലത്ത് പതിനാല് നക്സലൈറ്റ് സംഭവങ്ങൾ ഉണ്ടായി. 1978-ൽ ഈ ഗവൺമെന്റിന്റെ കാലത്ത് നക്സലൈറ്റ് സംഭവം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് നേട്ടമല്ലേയെന്ന് പ്രതിപക്ഷത്തോട് ചോദിക്കാനാഗ്രഹിക്കുകയാണ്. നക്സലൈറ്റുകാർ ഇവിടെ ഇല്ലെന്ന് അർത്ഥമില്ല. നക്സലൈറ്റ് ഇവിടെ ഉണ്ട്. അവിടെ റീ ഗ്രൂപ്പിങ്ങ്സുണ്ട്. രാവിലെ ചോദ്യോത്തരവേളയിൽ കലാസാംസ്ക്കാരികരംഗങ്ങളിൽ അവർ പ്രത്യക്ഷപ്പെട്ടുകൊണ്ട് മുന്നോട്ടു വരുന്നുണ്ട്.....(ബഹളം)

ആ നിലയൊക്കെ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം വളരെ ബറേറായിക്കൊണ്ടിരിക്കുന്നു എന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. പോലീസ് ആക്ടീവായിട്ടുണ്ട്. അടുത്ത കാലത്ത് യന്ത്രവൽകൃത ബോട്ടുകാരും നാടൻവള്ളങ്ങളിലെ മൽസ്യത്തൊഴിലാളികളും തമ്മിൽ ഉണ്ടായ സംഘട്ടനങ്ങളും സംഘർഷങ്ങളും ഒഴിവാക്കിക്കൊണ്ട് നിയമസമാധാനം സമൂഹത്തിൽ ഭദ്രമാക്കിതീർക്കുന്നതിനാവശ്യമായ നടപടികളും പോലീസ് എടുത്തിട്ടുണ്ട്. അതുപോലെ കമ്പോളങ്ങളിലും വ്യാപാരകേന്ദ്രങ്ങളിലുമുള്ള അട്ടിമറി നിരോധിച്ചത് പോലീസ് എടുത്തിട്ടുള്ള നടപടികളിൽ ഒന്നാണ്. ആർ. എസ്. എസ്. കാരുടെ പരസ്യമായ ആയുധ പ്രകടനങ്ങളും നിയന്ത്രിക്കുന്നതിന് എടുത്ത നടപടിയും ഒരു പരിധിവരെ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മോട്ടോർ വെഹിക്കിൾസ് സ്പീഡ് നിയന്ത്രണം മൂലം അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പോലീസ് എടുത്ത നടപടി, ഈ സംസ്ഥാനത്തെ മിച്ചഭൂമി സമരത്തെ നേരിട്ട രീതി ഈ കാര്യങ്ങളൊക്കെ അപഗ്രഥനം ചെയ്യുമ്പോൾ സംസ്ഥാനത്തെ പോലീസ് നിഷ്ക്രിയമല്ല; സംസ്ഥാനത്തെ പോലീസ് ആക്ടീവാണ്. ഈ കാര്യങ്ങളിൽ പോലീസ് ആക്ട് ചെയ്യുമ്പോൾ അൽപ്പം പരാതികൾ വരും. ഈ പരാതികൾ വരാതിരിക്കത്തക്കവണ്ണം ഗവൺമെന്റ് വേണ്ട മുൻകരുതൽ നടപടികൾ എടുക്കുന്നതാണ്. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഇവിടെ പ്രസംഗിച്ചപ്പോൾ ആർ. എസ്. എസിനെതിരെ കാര്യമായ നടപടികൾ ഈ ഗവൺമെന്റ് എടുത്തിട്ടില്ലാ എന്നും മറ്റും അദ്ദേഹം ആരോപണമായി ഉന്നയിക്കുകയുണ്ടായി. ഞങ്ങളാരും പറയുന്നില്ല, കേരളത്തിൽ ആർ. എസ്. എസ് ന്റെ വളർച്ച, അതിന്റെ വികാസം പോലീസിനെകൊണ്ട് തടയാവുന്ന കാര്യമാണെന്ന്. അങ്ങനെ ഞങ്ങൾക്കാർക്കും അഭിപ്രായമില്ല. അവരുടെ തെറ്റായ ആശയങ്ങളെ, തെറ്റായ നയങ്ങളെ ആശയപരമായിതന്നെ നേരിടണം. കേരളത്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും വിദ്യാഭ്യാസപ്രബുദ്ധതയുള്ള ജനങ്ങളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് തെറ്റായ ഈ നയത്തെ പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു. പക്ഷേ ഒരു പരിധിവരെ ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പാക്കാൻ പോലീസിന് സാധിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയോട് പറയാൻ ഞാനാഗ്രഹിക്കുകയാണ്. മൂന്നുനാല് കാര്യങ്ങൾ മാത്രമേയുള്ളൂ. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡ്രിൽ പാടില്ലെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ആർ. എസ്. എസ്. നെ നേരിടുന്നതിന് രാഷ്ട്രീയമായ സമീപനം വേണമെന്ന് പറഞ്ഞു. പക്ഷേ അവർ ആയുധമേന്തി പരിശീലനം നടത്തുകയും അതിന്റെ ഫലമായി അക്രമം ഉണ്ടാകുകയും ചെയ്യുന്നത് പോലീസിന് ഇടപെട്ട് നിയന്ത്രിക്കാൻ സാധിക്കുകയില്ലേ? മറ്റു കാര്യങ്ങളെ ആശയപരമായി നേരിടാം.

ശ്രീ. കെ. എം. മാണി: ആയുധമേന്തി പരിശീലനം നടത്തുന്നതിനെയാണ് നിയന്ത്രിക്കുന്നത്. ആശയപരമായി നേരിടുന്നതിന് വേണ്ട പ്രായോഗികമാർഗ്ഗങ്ങളും സ്വീകരിക്കുന്നതോടൊപ്പം ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് പോലീസ് രംഗപ്രവേശം ചെയ്തു. ആർ. എസ്. എസ്. കാരുടെ പരസ്യപ്രകടനങ്ങളെ ഒരു പരിധിവരെ പോലീസിന് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിലൊന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡ്രിൽ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. വല്ലയിടത്തും എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവമുണ്ടായിട്ടുണ്ടോയെന്ന് ചോദിച്ചാൽ അറിയുകയില്ല. 99 ശതമാനവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വടി ഉപയോഗിച്ചുകൊണ്ടുള്ള ഡ്രിൽ അവസാനിച്ചിരിക്കുകയാണ്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ സംബന്ധിച്ചിടത്തോളം ക്രിമിനൽ പ്രൊസീഡിയർ കോഡിന് വിധേയമായി അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് സമാധാനലംഘനമോ ഭീഷണിയോ ഉണ്ടായാൽ അത് ഒഴിവാക്കുന്നതിനു വേണ്ട നടപടികളും ത്വരിതപ്പെടുത്തണമെന്ന ഗവൺമെന്റിന്റെ ഗൈഡ് ലൈൻ അനുസരിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാർ അവസരത്തിനൊത്തു ഉയർന്നുകൊണ്ട് നിരോധനാജ്ഞ പുറപ്പെടുവിച്ച് ഇതു തടഞ്ഞിട്ടുണ്ട്. ദണ്ഡുപയോഗിച്ചുള്ള പ്രകടനം ഇപ്പോൾ ഇവിടെയില്ല, അത് നിരോധിച്ചിട്ടുണ്ട്. ഇതുപോലുള്ള സംഭവം എവിടെയെങ്കിലും ഉണ്ടായാൽ പോലീസ് തക്കസമയത്ത് എത്തണമെന്നുള്ളതാണ് ഗവൺമെന്റ് നൽകിയിരിക്കുന്ന നിർദ്ദേശം. അത് പോലീസ് നടപ്പാക്കികൊണ്ടിരിക്കുകയാണ്. സംഘർഷാത്മകമായ പ്രദേശങ്ങളിൽ പോലീസ് പിക്കറിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്, പെട്രോളിംഗ് നടത്തുന്നുണ്ട്. അതോടൊപ്പം സമാധാന കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുപരിയായി വേറൊരു കാര്യമുണ്ട്. നമുക്കാകെയുള്ള നിയമം ക്രിമിനൽ പ്രൊസീഡിയർ കോഡാണ്. ക്രിമിനൽ പ്രൊസീഡിയർ കോഡിലെ 144-ാം വകുപ്പനുസരിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാർക്ക് അവരുടെ കീഴിലുള്ള പ്രദേശത്ത് സംഘർഷമോ പൊതുസമാധാനത്തിന് ഭീഷണിയുണ്ടാക്കുന്ന സംഭവവികാസമോ ഉണ്ടായാൽ അതിനെ നേരിടുന്നതിന് ആജ്ഞ കൊടുക്കാം. പിന്നെ പോലീസ് ആക്ടിലെ സെക്ഷൻ 21 അനുസരിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് ചില അവകാശങ്ങളുണ്ട്. പക്ഷേ ഈ രാജ്യത്ത് പാരാമിലിട്ടറി ഓർഗനൈസേഷൻ വടി ഉപയോഗിച്ചുകൊണ്ട് നടത്തുന്ന ഡ്രില്ലുകളോ മറ്റു പരിശീലനങ്ങളോ നിരോധിക്കാൻ പോലീസിനെ അധികാരപ്പെടുത്തുന്ന ഈ നിയമത്തിൽ ചില ഭേദഗതികളും ഈ രാജ്യത്ത് ആവശ്യമാണ്. അത്തരത്തിൽ പോലീസ് ആക്ടിലെ 21-ാം വകുപ്പിൽ നാം ഉദ്ദേശിക്കുന്നതായ ഭേദഗതികളും വരുത്തുന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ നിയമത്തിൽ കാര്യമായ ഭേദഗതികളും വരുത്തിക്കൊണ്ട് ഈ പ്രശ്നത്തെ നമുക്ക് നേരിടേണ്ടതായിട്ടുണ്ട്. തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നു എന്നുള്ള ആക്ഷേപം ഇവിടെ വരികയുണ്ടായി. ഈ ഗവൺമെന്റ് ദുർബലവിഭാഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറാണ്. ഈ ഗവൺമെൻറ് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്കുവേണ്ടി നിൽക്കുന്ന ഒരു ഗവൺമെൻറാണ്. തൊഴിൽ സമരങ്ങളിൽ പോലീസിനെ ഇറക്കുന്ന ഒരു നയമല്ല സ്വീകരിച്ചിട്ടുള്ളത്. തൊഴിൽ സമരങ്ങളുണ്ടായാൽ ഈ നാട്ടിൽ ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് അത് തീരണം. പക്ഷേ തൊഴിൽസമരങ്ങളുണ്ടായിക്കഴിഞ്ഞാൽ മുതലാളിയാകട്ടെ, തൊഴിലാളിയാകട്ടെ നിയമം കയ്യിലെടുത്തുകൊണ്ട് ഈ രാജ്യത്ത് സംഘർഷം ഉണ്ടാക്കിയാൽ, നിയമസമാധാനത്തെ അപകടപ്പെടുത്തിയാൽ തീർച്ചയായും പോലീസ് ഇടപെടും. അതേസംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് എല്ലാവരും അംഗീകരിക്കുന്ന ഒരു നിയമമുണ്ട്. അതല്ലാതെ പോലീസ് എവിടെയെങ്കിലും ബലപ്രയോഗംകൊണ്ട് തൊഴിൽ സമരങ്ങളെ പരാജയപ്പെടുത്തുകയോ, തൊഴിലാളികൾക്കെതിരായ നിലപാട് സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നുള്ളതാണ് ശരി. അതുപോലെതന്നെ പൗരജനങ്ങളുടെ അവകാശങ്ങൾക്കെതിരെ ഭീഷണിയും കയ്യേറ്റവും ചൂഷണവും നടത്തുന്ന സാമൂഹ്യവിരുദ്ധരെ നിലയ്ക്ക് നിർത്തുകയാണ് ഗവൺമെൻറ് ചെയ്തിട്ടുള്ളത്. അതനുസരിച്ചാണ് തൊഴിലാളി യൂണിയനുകളുടെ പേര് പറഞ്ഞുകൊണ്ട് അട്ടിമറി നടത്തിക്കൊണ്ട് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും നടത്തിയ ചില ആളുകൾക്കെതിരെ ശക്തമായ നടപടികളും ഈ ഗവൺമെൻറ് സ്വീകരിച്ചത്. അതുപോലെതന്നെ വസതികളുടെ മുൻപിലുള്ള സമരവും അവിടെയുണ്ടാകുന്ന സമാധാനലംഘനവും ഒഴിവാക്കണമെന്നുള്ളതാണ് ഗവൺമെൻറിൻെറ ആഗ്രഹം. അതുപോലെതന്നെ പ്രാദേശികമായ എന്തെങ്കിലും അവശതകൾ ഉണ്ടായാൽ ആ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി വണ്ടിക്കാരോഡിൽ ബ്ലോക്ക് ചെയ്തു ഉണ്ടാക്കുന്ന ട്രാഫിക് അവസാനിപ്പിക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുകയാണ്. ശ്രീ. പിണറായി വിജയൻ ഇവിടെ പ്രസംഗിച്ചപ്പോൾ കോഴിക്കോട് ബസ്സാറിൽ പോലീസ് നടത്തിയ വിക്രിയകളെക്കുറിച്ച് പറഞ്ഞു. എന്തിനാ കോഴിക്കോട്ടു പോകണം; ഞാൻ ശ്രീ. വിജയനോട് ചോദിക്കുകയാണ്. ഇവിടെ നമ്മുടെ സെക്രട്ടേറിയറ്റിനു അടുത്തുള്ള ചാലയിൽ നടന്നതിനെക്കുറിച്ച് ശ്രീ. അനിരുദ്ധൻ എന്തു പറയുന്നു? കേരളത്തിലെ പോലീസ് തൊഴിൽ സമരങ്ങളിൽ ഇടപെട്ടുകൊണ്ട് തൊഴിലാളികൾക്ക് ദുഷ്യകരമായ ഒരു നിലപാട് എടുക്കുകയില്ല എന്നുമാത്രമല്ല, പോലീസിൻെറ സഹായംകൊണ്ട് ഈ രാജ്യത്തെ തൊഴിലാളികൾക്ക് ഗുണമേ കിട്ടിയിട്ടുള്ളുവെന്നാണ് ഞാൻ പറയുകയാണ്. തൊഴിലാളികൾക്ക് ഗുണമല്ല ഉണ്ടായിട്ടുള്ളതെന്ന് അനിരുദ്ധൻ പറയട്ടെ. കരുണാകരൻെറ ഭരണകാലത്ത്, അടിയന്തിരാവസ്ഥക്കാലത്ത് തൊഴിൽ നഷ്ടപ്പെട്ട 75 ഓളം ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ പുനഃസ്ഥാപിച്ചുകൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ചാലയിൽ നടന്ന സമരവും അവിടെ തൊഴിലാളികൾ ഉണ്ടാക്കിയ സംഘർഷവും ഞാൻ ഓർക്കുകയാണ്. അവസാനം കേരളത്തിലെ പോലീസ് മദ്ധ്യസ്ഥശ്രമം നടത്തിയതിൻെറ ഫലമായിട്ട് ഈ 75 സി. ഐ. ടി. യു. വിൽപ്പെട്ട തൊഴിലാളികൾക്ക് വീണ്ടും ജോലി ഉണ്ടാക്കിക്കൊടുത്ത് അവരെ ജോലിക്കിറക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞുവെങ്കിൽ ഇവിടത്തെ പോലീസ് തൊഴിൽ സമരങ്ങളെ പരാജയപ്പെടുത്തുന്നു എന്ന ആരോപണം ഇനി മാർക്സിസ്റ്റുബെഞ്ചിൽ നിന്നു ഉയർത്തുകയില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: ഇവിടെ കൊല നടത്തിയതിനെക്കുറിച്ചും കൊള്ള നടത്തിയതിനെക്കുറിച്ചും ഒന്നും മറുപടി പറയാനില്ലേ? ഇതു എത്ര മണിവരെ ഞങ്ങൾ കേട്ടുകൊണ്ടിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

മി. സ്പീക്കർ: രണ്ടുമണിവരെ ഇരിക്കണം.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇങ്ങനെ പ്രചാരവേല നടത്തുന്ന പ്രസംഗം ചെയ്യുന്നത് ശരിയല്ല. അതും ഒരു മന്ത്രി ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. കെ. എം. മാണി: ഇതൊക്കെ കേൾക്കാൻ അവർക്ക് വിഷമമുണ്ട്.

(ബഹളം)

ശ്രീ. കെ. ചന്ദ്രശേഖരൻ: മര്യാദകെട്ട വർത്തമാനമാണ് പറയുന്നത് ഇത് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല.

(ബഹളം)

ശ്രീ. കെ. എം. മാണി: സർ, സമുദ്രത്തിൽ അഞ്ചു കിലോമീറ്ററിനുള്ളിലേക്കു വന്ന് മൽസ്യബന്ധനം നടത്തിയ ബോട്ടുകാർക്കെതിരെ ഈ രാജ്യത്ത് നാടൻ വള്ളത്തിൽ മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കു വേണ്ടി ഇവിടത്തെ പോലീസ് നിന്നുവെങ്കിൽ തൊഴിൽ സമരങ്ങൾക്കെതിരെ പോലീസ് നിഷേധാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. സർ, കഴിഞ്ഞ ഇലക്ട്രിസിറ്റി ബോർഡ് പണിമുടക്കു കാലത്ത് എസൻഷ്യൽ സർവ്വീസായി പ്രഖ്യാപിച്ചുകൊണ്ട് അതിനെ നിരോധിച്ച് പോലീസിനെ ഇറക്കി അതിനെ നേരിടാമായിരുന്നു. എന്നാൽ ഈ ഗവൺമെൻറ് അത് ചെയ്തില്ല. സർ, ജോതിബാസു ഭരിക്കുന്ന കൽക്കട്ടായിൽ വെസ്റ്റ്ബംഗാളിൽ ഇലക്ട്രിസിറ്റി ബോർഡുകാരുടെ സമരത്തിനെതിരെ മിലിട്ടറിയെ ഇറക്കുകയുണ്ടായി.

(സഭയിൽ ബഹളം)

സർ, അതുപോലെതന്നെ ജോതിബാസുവിനെപ്പറ്റി പറഞ്ഞാൽ വിഷമം കൊള്ളുകയാണ്.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇരിക്കണം.

ശ്രീ. കെ. എം. മാണി: ജോതിബാസുവിനെപ്പറ്റി പറയണം, വെസ്റ്റ് ബംഗാളിനെപ്പറ്റി പറയണം. ഇതുപോലെ എന്തെങ്കിലും സംഭവമുണ്ടായാൽ.....(ഈ സമയം, സഭയുടെ രണ്ടുഭാഗത്തുമുള്ള വളരെയധികം മെമ്പറൻമാർ എഴുന്നേറ്റുനിന്ന് ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു.) സർ, ഈ നിലപാട് അവസാനിപ്പിക്കണം. ഞാൻ വളരെ നിശ്ശബ്ദനായി പ്രതിപക്ഷം പറഞ്ഞതു മുഴുവൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു.

(ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, പ്ലീസ് റസ്യൂം യുവർ സീറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മന്ത്രിമാർ മറുപടി പറയുമ്പോഴെങ്കിലും പ്രചരണത്തിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യാതെയിരിക്കണം. ബാക്കിയുള്ള ആളുകൾ ഇവിടെ പറഞ്ഞല്ലോ. ഇങ്ങനെ ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് സമയം കളയുകയും ഞങ്ങളെ ചോദ്യം ചോദിക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയാണോ?

ശ്രീ. എം. വി. രാഘവൻ: സർ, മന്ത്രിയാണ് മറുപടി പറയുന്നത്, നിങ്ങളുടെ ഗവൺമെൻറിൻെറ കൊള്ളരുതായ്മകളെപ്പറ്റി പലതും ഇവിടെ പറഞ്ഞിട്ടുണ്ട്. സി. സി. മാത്യുവിനെ വെടിവച്ചുകൊന്നത് കേരള കോൺഗ്രസുകാരാണെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ശങ്കരൻനായരെ ലോക്കപ്പിലിട്ട് അടിച്ചുകൊന്നു. തുളസിയെ ലോക്കപ്പിലിട്ട് അടിച്ചിട്ട് അയാളുടെ കിഡ്നി പോയി, ഇതിനൊന്നും മറുപടി പറഞ്ഞില്ല.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങൾ ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗം അവസാനിപ്പിക്കാൻ സഹായിക്കണം.

(സഭയിൽ വീണ്ടും ബഹളം)

ശ്രീ. കെ. എം. മാണി: സർ, എനിക്ക് സംസാരിക്കാനുള്ള സമയം ഇങ്ങനെ ഇൻറർപ്ഷൻകൊണ്ട് നഷ്ടപ്പെടുത്തുന്നത് ശരിയല്ല. ഞാൻ മിർച്ച സിയിലേക്ക് കടക്കുന്നില്ല. അവിടെ വെടി വച്ചതിലേക്ക് കടക്കുന്നില്ല. പോലീസുകാർ പത്രക്കാരെ വിടാത്തതിലേക്കു കടക്കുന്നില്ല. എം. എൽ. എ. മാരെ ലാത്തിച്ചാർജ് ചെയ്യുന്നതിലേക്ക് കടക്കുന്നില്ല. വെസ്റ്റ് ബംഗാളിൽനിന്നും..... (ബഹളം) സർ, ഞാൻ കേരളത്തിലേക്ക് വരികയാണ്.

(ബഹളം)

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: നോ പോയിൻറ് ഓഫ് ഓർഡർ. പ്ലീസ് റസ്യൂം യുവർ സീറ്റ്.

ശ്രീ. കെ. എം. മാണി: സർ, വെസ്റ്റ് ബംഗാളിലെ കാര്യങ്ങൾ അരോചകമാണെങ്കിൽ ഞാൻ കേരളത്തിലേക്ക് വരികയാണ്. കേരളത്തിൽ ഹാൻകഫ് വച്ചതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ചില പരാമർശനങ്ങൾ ഉണ്ടായി. രാഷ്ട്രീയ തടവുകാരെ ഹാൻകഫ് വയ്ക്കരുതെന്നാണ് ഗവൺമെൻറിൻെറ നിലപാട്. രണ്ടു കേസിൽ അങ്ങനെ ഉണ്ടായി. അത് തെറ്റായിപ്പോയിയെന്നും ഇനി മേലാൽ ഇത് ആവർത്തിച്ചുകൂടായെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷേ അതിനെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ഇവിടെ ഞാൻ ഒരു ഫോട്ടോ കാണിക്കാം സർ. ഹരിയാനായിൽ വിദ്യാർത്ഥികളെ ചങ്ങലക്കിട്ട് ആശുപത്രിയിൽ ഇട്ടിരിക്കുകയാണ്. (പത്രം പൊക്കിക്കാണിക്കുന്നു.) സഭയിൽ ബഹളം.....

സർ, എനിക്ക് പ്രൊട്ടക്ഷൻ വേണം, ഈ നിലയ്ക്കുള്ള ഇൻറർപ്ഷൻ ബഹുമാനപ്പെട്ട സ്പീക്കർ നിറുത്തണം. (വീണ്ടും ബഹളം) ബഹുമാനപ്പെട്ട മാത്യു സക്കറിയ അഡ്വക്കേറ്റിനെ അസ്സൗൺ ചെയ്ത സംഭവത്തെ സംബന്ധിച്ചിടത്തോളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, നമ്മുടെ നിയമസഭാ ചട്ടമനുസരിച്ച് ഡിമാൻറ്സ് ചർച്ച ചെയ്യുന്ന അവസരത്തിൽ അംഗങ്ങളം പറയുന്ന കാര്യങ്ങൾക്ക് മറുപടി പറയേണ്ടതു മന്ത്രിയുടെ ചുമതലയാണ്. ഇവിടെ പ്രധാനപ്പെട്ടത് മാത്യുസക്കറിയ എന്ന അഡ്വക്കേറ്റുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തെ അറസ്റ്റ് ചെയ്ത കാര്യം ഇവിടെ പറയുകയുണ്ടായി. ഇതുപോലെ പല കാര്യങ്ങളും അംഗങ്ങൾ ഇവിടെ നിർദ്ദേശിച്ചു. പബ്ലിക് സെക്യൂരിറ്റി കമ്മിറ്റി വയ്ക്കുന്ന കാര്യം. ഇതിനെപ്പറ്റിയൊന്നും പറയാതെ ഹരിയാന യിലേയും മദ്ധ്യപ്രദേശിലേയും, യു. പി. യിലേയും കാര്യങ്ങൾ പറയുന്നതു ഓർഡറിലാണോ?

മി. സ്പീക്കർ: ഇനി പോയിൻറ് ഒന്നുമില്ല.

ശ്രീ. കെ. എം. മാണി: ചില പത്രങ്ങളിൽ കോളിളക്കമുണ്ടാക്കിയ അഡ്വക്കേറ്റ് മാത്യുസക്കറിയായുടെ അറസ്റ്റിനെ സംബന്ധിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ദയവായി സത്യം മനസ്സിലാക്കാൻ അഞ്ചു മിനിറ്റു സമയം ഇരുന്നു കേൾക്കണം. ഇടപ്പള്ളിയിലുള്ള മാർ അഗസ്റ്റ്യൻ ജൂബിലി മെമ്മോറിയൽ ആശുപത്രിയിലെ മാനേജുമെൻറും തൊഴിലാളി കളും തമ്മിൽ ഒരു സമരം ഉണ്ടായി. സംഘർഷാവസ്ഥയുണ്ടായി. കഴിഞ്ഞ ജനുവരി 21-ാം തീയതി മതപ്രസംഗത്തിനെന്നു പറഞ്ഞ്, പോലീസിൽ നിന്നും മൈക്കിനു സാംഗ്ഷൻ വാങ്ങി. മതപ്രസംഗത്തിനു മാത്യുസക്കറി യായും പുലിക്കുന്നനും ഉണ്ടായിരുന്നു മതപ്രസംഗമെന്നു പറഞ്ഞുതുട ങ്ങിയ പ്രസംഗം മതവികാരങ്ങളെ ഇളക്കിവിട്ടു. യോഗത്തിൽ അനുകൂലി കളും പ്രതികൂലികളും തമ്മിൽ സംഘട്ടനം നടന്നു. കുറെ ആളുകൾക്ക് പരിക്കു പറ്റി. പരിക്കുപറ്റിയതിനു ഒരാൾ കൊടുത്ത ആവലാതിയിന്മേലാണ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തത്. അഡ്വക്കേറ്റ് മാത്യു സക്കറിയായും പുലിക്കുന്നനും ഉപദ്രവിച്ചുവെന്ന് പറഞ്ഞ് ആവലാതിപ്പെട്ടിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസും കൗണ്ടർ കേസും ഇങ്ങനെ രണ്ടു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറസ്റ്റിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായി. എനിക്ക് ഡെമോക്രാറ്റിക് ലായേഴ്സിൻെറ ഒരു ടെലഗ്രാം കിട്ടി. ഞാൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരനോട് പറയുകയാണ്, അഭിഭാഷകൻമാരെ ആദരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ടെലഗ്രാം കിട്ടിയ അന്നുതന്നെ സെൻട്രൽ റെയിഞ്ച് ഡി. ഐ. ജി. ഗോപിനാഥൻനായരെ ഒരു അന്വേഷണ കമ്മീഷനായിട്ടു വച്ചു. അതിനുശേഷം അവിടത്തെ കാര്യത്തെ സംബന്ധി ച്ചുള്ള പ്രസക്തമായ വിഷയം എന്താണ്? ഒരു നിശാവേളയിൽ അറസ്റ്റ് ചെയ്യണമായിരുന്നോ, വീട്ടിൽ പോയി അറസ്റ്റ് ചെയ്യണമായിരുന്നോ? ബഹുമാനപ്പെട്ട ചന്ദ്രശേഖറിനറിയാം എം. എൽ. എ. ആയാലും മന്ത്രിയാ യാലും, വക്കീലായാലും നിയമത്തിനു അതീതരല്ല ആരും എന്ന്. പക്ഷേ ഇവിടെ നിശാവേളയിൽ അറസ്റ്റ് ചെയ്യണമോ വീട്ടിൽ പോയി അറസ്റ്റ് ചെയ്യണമോ എന്നുള്ളതാണ്. ഇതെങ്ങനെ ഗ്രഹിക്കാൻ കഴിയും. മനഃപൂർവ്വം കുളമാക്കേസ് കെട്ടിച്ചമച്ചതാണെങ്കിൽ മാത്രമേ അതിൻെറ അടിസ്ഥാന ത്തിൽ അത് ഡിസൈഡുചെയ്യേണ്ടതുള്ളു. അത് ഡിസൈഡ് ചെയ്യുന്ന തിനു വേണ്ടി ഈ ഗവൺമെൻറ് ഒരു കാര്യം ചെയ്തു. ഇവിടെ ജോസഫ് തോമസ് എസ്. പി. യെപ്പറ്റിയായിരുന്നു ആരോപണം. എസ്. പി. യുടെ നിർദ്ദേശമനുസരിച്ചല്ല, കമ്മീഷണർ ഗീവർഗ്ഗീസിൻെറ നിർദ്ദേ ശമനുസരിച്ചാണ് ഈ അറസ്റ്റ് നടന്നതെന്നാണ്, ഗവൺമെൻറിനു കിട്ടിയ വിവരം. കമ്മീഷണറെപ്പറ്റിയും തോമസിനെപ്പറ്റിയും അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരെപ്പറ്റിയും ആരോപണമുള്ള സ്ഥിതിക്ക് ആ കേസ് അവർ അന്വേഷിക്കേണ്ടതെന്നു വച്ചു. ഈ രാജ്യത്തെ ഡി. ഐ. ജി. മാർക്കെതിരായി ഒരു കേസ് അന്വേഷിച്ച് നമ്മുടെ മുൻപിൽ ഡി. ഐ. ജി. രാജഗോപാലൻനായരായണനെ ഈ കേസിന്റെ ഇൻവെസ്റ്റിഗേഷന് ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആ റിപ്പോർട്ട് വരട്ടെ, കേസ് വരട്ടെ. ആ കേസിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത് നമുക്ക് നിശ്ചയിക്കേണ്ടതാണ്. ഇവിടത്തെ പരാതി എന്താണ്. ജസ്റ്റിസ് മലാനി ബഹുമാനപ്പെട്ട അഭിഭാഷക നേതാവ് എറണാകുളത്തുവന്ന് പ്രസംഗം ചെയ്തു. അദ്ദേഹം പ്രസംഗിച്ചത് അഭിഭാഷകരുടെ അസ്റ്റിനെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കണമെന്നാണ്. അതിൽ പറഞ്ഞിരിക്കുന്നത് അന്വേഷണം മറ്റൊരു തരത്തിൽ ആകാം, ഇപ്പോഴത്തെ കൊച്ചി പോലീസ് കമ്മീഷണറെ നിർവ്വീര്യമാക്കിക്കൊണ്ടുള്ളതായിരിക്കണമെന്നാണ്. ഈ അഭിപ്രായം ജസ്റ്റിസ് മലാനി കൊച്ചിയിൽവച്ച് പറയുന്നതിന് മുൻപുതന്നെ ആ ഉദ്യോഗസ്ഥനെ നിർവ്വീര്യമാക്കി ഡി. ഐ. ജി. രാജഗോപാലൻനായരായണനെ ഇൻവെസ്റ്റിഗേഷന് ഏൽപ്പിച്ചിരിക്കുകയാണ്. ഇതിൽ കൂടുതൽ എന്തു ചെയ്യണം സർ? എന്റെ ഒരു കേസിൽ ഒരു ജൂനിയർ വക്കീൽ ആയി അപ്പീയർ ചെയ്ത വക്കീലാണെന്നുള്ളതുകൊണ്ട് ഞാൻ ആഭ്യന്തരമന്ത്രിയായിരിക്കുന്നിടത്തോളം കാലം ആ ഒരു വക്കീലിനു നിയമം ലംഘിച്ചുകൂടെന്നില്ല. പോലീസ് തെറ്റുചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ ഉറപ്പു നൽകുകയാണ് തീർച്ചയായും മുഖം നോക്കാതെ നടപടിയെടുക്കും. ഒരു വക്കീൽ ആയതുകൊണ്ട് എന്റെ കേസിനു എതിരായി നിന്നതുകൊണ്ട് ഞാൻ പറഞ്ഞു ചെയ്യിപ്പിച്ചതാണെന്ന് പറഞ്ഞാൽ ശരിയല്ല, എന്തായാലും അങ്ങനെ ഒരു ആരോപണം പറഞ്ഞില്ല. ആ നിലയിൽ ഇതിനെ കാണണമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതിന്റെ അന്വേഷണറിപ്പോർട്ട് വരട്ടെ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള റിക്രൂട്ടുമെന്റിനെ സംബന്ധിച്ചു ഇവിടെ പറയുകയുണ്ടായി. ശ്രീ. ബാലകൃഷ്ണപിള്ള വളരെ കാറ്റഗോറിക്കലായി പോലീസ് റിക്രൂട്ടുമെന്റിനെ സംബന്ധിച്ചു പറഞ്ഞു. ഏതോ ഒരു പ്രവർത്തകൻ പോലീസ് റിക്രൂട്ടുമെന്റിൽ അഴിമതി നടത്തിയെന്നാണ് പണം കള്ളക്കടത്ത് ചെയ്തു എന്നാണ് പറഞ്ഞതത്. എനിക്ക് ശ്രീ. ബാലകൃഷ്ണപിള്ളയോടു പറയാനുള്ളത് ശ്രീ. ബാലകൃഷ്ണപിള്ള ഈ പറഞ്ഞ സമയം മുഴുവനെടുത്തു വസ്തുതകൾ മുഴുവൻ നിരത്തിവച്ചിരുന്നെങ്കിൽ അതെനിക്ക് സഹായകമാകുമായിരുന്നു എന്നാണ്. എന്തായാലും ശ്രീ. ബാലകൃഷ്ണപിള്ള അത് ചെയ്തില്ല. ശ്രീ. ബാലകൃഷ്ണപിള്ള അതിന്റെ വിശദാംശങ്ങൾ എനിക്ക് നൽകണം. അതിനെ സംബന്ധിച്ച് ഞാൻ ഇംപാർഷ്യലായ എൻക്വയറി നടത്താം. അപ്രകാരം നടന്നിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അറിയാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാം, അത് നൊന്നിനും മറുപടിയില്ല. പിന്നെ ശ്രീ. ബാലകൃഷ്ണപിള്ള തെൻമല പോലീസ് സ്റ്റേഷനിൽ 12 മർഡറുകൾ നടന്നു എന്നു പറഞ്ഞു. ഞാൻ അതിനെപ്പറ്റി അന്വേഷിച്ചു. എനിക്ക് ഉദ്യോഗസ്ഥൻമാരിൽ നിന്നും കിട്ടിയ വിവരം 1977-നു ശേഷം ഒരു മർഡർ മാത്രമാണ് ആ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഇൻവെസ്റ്റിഗേഷനു വരുന്നതെന്നാണ്. ശ്രീ. ബാലകൃഷ്ണപിള്ള വേറൊന്നും പറഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അത് തെറ്റാണ്. ചിറ്റി ബാബു വിനെ കൊലപ്പെടുത്തിയതിനോടനുബന്ധിച്ച് വേറെയും നാല് കൊല്ലപാതകങ്ങളുടെ കാര്യം പത്രങ്ങളിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞത് സബ് ഇൻസ്പെക്ടർ മാറിമാറി തിരിച്ചെത്തിയിരിക്കുന്നു എന്നാണ്. അതിനെപ്പറ്റിയും ഞാൻ അന്വേഷിച്ചതിൽ 1977-ന് ശേഷം തെൻമല പോലീസ് സബ് ഇൻസ്പെക്ടർ തുടർന്നു വരികയാണെന്നാണ്. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് എന്തും പറയാം. പത്തനാപുരത്ത് ഒരു ഹരിജൻ കോളനി തീവച്ചുവെന്ന് പറഞ്ഞു. അദ്ദേഹത്തിന് എന്തും ഈ നിയമസഭയ്ക്കകത്ത് പറയാം. എന്താണ് സർ ഉണ്ടായത്? പത്തനാപുരത്ത് ഏരൂർ വില്ലേജിൽ ഹരിജനങ്ങളെ തീവച്ച് ഇറക്കി വിട്ടു എന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു. ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ റീജിയണൽ മാനേജരുടേയും കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന്റെയും റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു. ആരെയും പുരയ്ക്ക് തീവച്ച് ഇറക്കിവിട്ടിട്ടില്ല. എനിക്ക് എന്റെ ബഹുമാന്യ സ്നേഹിതനോടു ഇതുമാത്രമേ പറയാനുള്ളൂ.

ഇവിടെ രാഷ്ട്രീയ അഴിമതിയെ സംബന്ധിച്ച് പറഞ്ഞു. രാഷ്ട്രീയ അഴിമതിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇവിടെയിരിക്കുന്ന മെമ്പറൻമാർക്കറിയാം നമ്മുടെ രാഷ്ട്രീയ പാർട്ടികളിൽ, സമൂഹത്തിൽ, ഉദ്യോഗസ്ഥ മണ്ഡലത്തിൽ എല്ലാം അഴിമതിയുണ്ടെന്ന്, അഴിമതി ഇല്ലെന്ന് ആരെങ്കിലും പറയുമോ? അഴിമതി എങ്ങനെ നിവാരണം ചെയ്യണം? ഈ സംസ്ഥാനത്തിലെ ഏറ്റവും വലിയ ആപത്താണ് പൊളിറ്റിക്കൽ കറപ്ഷൻ. ആ പൊളിറ്റിക്കൽ കറപ്ഷനെതിരായി ഞാൻ ആ കസേരയിൽ ഇരുന്നുകൊണ്ട് ആരോപണം നടത്തിയിട്ടുണ്ട്, കേസ് നടത്തിയിട്ടുണ്ട്, ജഡ്ജുമെന്റ് വാങ്ങിച്ചിട്ടുണ്ട്, ആരോപണങ്ങളും വ്യക്തമായിരിക്കണം. ഞാൻ പറയുന്നത് പൊളിറ്റിക്കൽ കറപ്ഷൻ അവസാനിപ്പിക്കണം എന്നാണ്. ഏതായാലും ഈ നിയമസഭ പബ്ലിക് മെൻ എൻകായറീസ് ബില്ലിനു രൂപംകൊടുത്തു. ഇൻഡ്യയിലേക്ക് മാതൃകാപരമായ ഒരു ബില്ലാണത്, മന്ത്രിമാരേയും എം. എൽ. എ. മാരെയും എം. പി. മാരെയും പാർട്ടിനേതാക്കൻമാരേയും ഉൾപ്പെടുത്തിയുള്ള ആ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് ഇരിക്കുകയാണ്. എത്രയും വേഗം ആ നിയമനിർമ്മാണം നമുക്ക് പാസ്സാക്കാം. സമൂഹത്തിൽനിന്നും അഴിമതിമാറണം. ഉദ്യോഗസ്ഥ മണ്ഡലത്തിൽ അഴിമതിയുണ്ട്. ആ അഴിമതിയെ സംബന്ധിച്ചിടത്തോളം ആൻറി കറപ്ഷൻ ആക്ടിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിശോധിക്കാം. ഒരു കാര്യം ഞാൻ പറയട്ടെ. എൻകായറിയുടെ കാര്യത്തിൽ, ക്രൈം രജിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ, ശിക്ഷയുടെ കാര്യത്തിൽ എല്ലാം എന്റെ കൈയിൽ ഫിഗേഴ്സുണ്ട്. മുൻകൊല്ലങ്ങളെക്കാൾ 1978-ൽ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്തായാലും ഒരു കാര്യം ഞാൻ പറയട്ടെ. ആൻറി കറപ്ഷനും വിജിലൻസും ഒരു സ്ട്രീംലൈൻ ചെയ്യാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതിന്റെ പ്രവർത്തനം സജീവമാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുവെന്ന് ഉറപ്പ് ഞാൻ ഈ നിയമസഭയ്ക്ക് നൽകാൻ ആഗ്രഹിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

സർ, പോലീസ് ട്രെയിനിംഗിനെ സംബന്ധിച്ച് ശ്രീ. ഒ. ലൂക്കോസും മറ്റു പല മെമ്പറൻമാരും പറഞ്ഞു. ശരിയാണ്. ആധുനികമായ വിഷയങ്ങൾ പോലീസ് ട്രെയിനിംഗ് കോളേജിൽ പഠിപ്പിക്കണം. അതിന് വൈദഗ്ദ്ധ്യമുള്ളവർ വേണം, പാണ്ഡിത്യമുള്ളവർ വേണം. അങ്ങനെയുള്ളവർ പോലീസ് സേനയിലില്ലായെങ്കിൽ യൂണിവേഴ്സിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നോ മറെറതെങ്കിലും സ്ഥാപനങ്ങളിൽനിന്നോ ഡെപ്യൂട്ടേഷനായി ഈ കോളേജിൽ കൊണ്ടുവന്ന് പഠനസൗകര്യമുണ്ടാക്കുവാനുള്ള നടപടികളെ സംബന്ധിച്ച് ആലോചിക്കാം. അവിടെ കെട്ടിടങ്ങളുണ്ടാകണം, വായന ശാലകളുണ്ടാകണം മററു സൗകര്യങ്ങളുണ്ടാകണം. തീർച്ചയായും ആ കോളേജുകളും നല്ലതുപോലെ പരിഷ്കരിക്കുവാൻ ഗവൺമെൻറ് ശ്രദ്ധ പതിപ്പിക്കുന്നതാണ്. പോലീസിനു മോഡേണൈസ് ചെയ്യാൻ എല്ലാ പോലീസ് സ്റേഷനുകളും വാഹനങ്ങളും നൽകാൻ—കുറെ പോലീസ് സ്റേഷനുകൾ ഒഴിച്ച് ബാക്കി എല്ലാ സ്ഥലത്തും വാഹനസൗകര്യങ്ങളും ഇന്നുതന്നെയുണ്ട്—വയർലസ് ബന്ധം സ്ഥാപിക്കാൻ എല്ലാവിധ നടപടി കളും സ്വീകരിക്കാം. കംപ്യൂട്ടർ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കും. അതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. ഞാൻ ഒരൊററ വാക്കുകൊണ്ട് അവസാനിപ്പിക്കാം.

ലോക്കപ്പു മർദ്ദനത്തെസംബന്ധിച്ച് എൻെറ സ്നേഹിതൻ ശ്രീ. എം. വി. രാഘവനും മററുപല മെമ്പറൻമാരും പറഞ്ഞിട്ടുള്ളത് നിർഭാഗ്യകരമായി പ്പോയി. ഈ ഗവൺമെൻറ് വളരെ കർക്കശമായ നിർദ്ദേശം അക്കാര്യത്തിൽ നൽകിയിട്ടുണ്ട്. ലോക്കപ്പുകളിൽ മർദ്ദനം ആയികൂടാ; മൂന്നാം മുറ ഉപയോഗിച്ചുകൂടാ, ഗവൺമെൻറ് അതിനു അനുകൂലമല്ല. ഗവൺമെൻറി ൻെറ നയം അതിനു വിരുദ്ധമാണ്, ഏതെങ്കിലും കേസിൽ മർദ്ദനം നടന്നിട്ടുണ്ടെങ്കിൽ വ്യക്തമായ പരാതികളുണ്ടായാൽ ഗവൺമെൻറ് അതിനെ പ്പററി അന്വേഷിക്കുകയും ശക്തമായ നടപടികളെടുക്കുകയും ചെയ്യാം. അതല്ലാതെ പുകമറപരത്തിക്കൊണ്ട് ലോക്കപ്പു മർദ്ദനം നടത്തുന്നുവെന്ന ആരോപണം ഞാൻ നിഷേധിക്കുകയാണ്.

പോലീസുകാർക്ക് യൂണിഫാറം നൽകുന്നതിനെ സംബന്ധിച്ച് ശ്രീ. ഈപ്പൻകണ്ടക്കുടി പറഞ്ഞു. അവരുടെ ശമ്പളവർദ്ധനവിനെ സംബ ന്ധിച്ച് ശ്രീ. ഷെരീഫും പറഞ്ഞു. ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം പേ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ട്.. അതു കൊണ്ടുമതിയാകുമെന്ന് ഞാൻ പറയുന്നില്ല. അവർക്ക് എന്തെങ്കിലും വിഷമതകളുണ്ടെങ്കിൽ തുറന്ന മനസ്സോടുകൂടി അതെല്ലാം കാണാവുന്ന താണ്. അവർക്ക് നല്ല യൂണിഫോറം കൊടുക്കുവാനുള്ള നടപടി സ്വീകരി ക്കാവുന്നതാണ്. ഭവന സൗകര്യങ്ങളും വർദ്ധിപ്പിക്കാം. വെൽഫയർ സ്കീംസ് കൂടുതലായി നടത്തുന്നതാണ്. 20 ലക്ഷം രൂപ വെൽഫയർ സ്കീംസിനുണ്ട്. ബൃഹത്തായ ഒരു പദ്ധതി. നടപ്പിലാക്കിക്കൊണ്ട് പോലീസിൻെറ കാര്യക്ഷമതയും ജീവിതഭദ്രതയും ഉറപ്പുവരുത്താൻ വേണ്ടി ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്. പ്രതിപക്ഷ മെമ്പറൻമാർ ഇവിടെ ഒച്ചപ്പാടുണ്ടാക്കിയെങ്കിലും അവർ പറഞ്ഞ നല്ലനല്ല വിമർശനങ്ങളും കാര്യമായി പരിശോധിക്കാം. ഗവൺമെൻറ് തുറന്ന മനസ്സോടുകൂടി നിഷ്പക്ഷമായി ഈ രാജ്യത്ത് കാര്യങ്ങളും നടത്താൻ ആഗ്രഹി ക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എൻെറ വാക്കുകളും അവസാനി പ്പിക്കുന്നു.

Demand III—Administration of Justice

The cut motion moved by Sri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri A. Neelalohithadasan Nadar was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The cut motion moved by Shri Pinarayi Vijayan was put and lost.

The cut motion moved by Shri M. V.Raghavan was put and lost.

The cut motion moved by Shri T. K. Ramakrishnan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The question that a sum of Rs. 4,47,90,400 be granted under Demand III—Administration of Justice was put and carried.

The Demand was passed and the grant was made.

Demand XII—Police

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri Pinarayi Vijayan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Sri T. K. Radhakrishnan was put and lost.

The cut motion moved by Shri M. V. Raghavan was put and lost.

The cut motion moved by Shri A. Neelalohithadasan Nadar was put and lost.

The cut motion moved by Shri V. Eacharan was put and lost.

The question that a sum of Rs. 24,85,47,200 be granted under Demand XII—Police was put and carried.

2 P. M. **Shri R. Balakrishnan Pillai:** Sir, I demand a Poll.

A poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly

AYES 69

1. ശ്രീ. എം. പി. എം. അബ്ദുള്ളാ കുരിക്കൾ
2. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
3. ശ്രീ. ആര്യാടൻ മുഹമ്മദ്
4. ശ്രീ. ബേബി ജോൺ
5. ശ്രീ. എൻ. കെ. ബാലകൃഷ്ണൻ
6. ശ്രീ. യു. എ. ബീരാൻ
7. ശ്രീമതി മോർഗ്ഗവിതകുപ്പൻ
8. ശ്രീ. കെ . ജെ. ചാക്കോ
9. ശ്രീ. ചന്ദ്രശേഖരൻ നായർ
10. ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ
11. ശ്രീ. ജെ. ചിത്തരഞ്ജൻ
12. ശ്രീ. സിറിയക്ക് ജോൺ
13. ശ്രീ. ദാമോദരൻ കാളാശ്ശേരി
14. ശ്രീ. ഈപ്പൻ കണ്ടക്കുടി
15. ശ്രീ. ഈപ്പൻ വർഗ്ഗീസ്
16. ശ്രീ. പി. ആർ. ഫ്രാൻസിസ്
17. ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ
18. ശ്രീ. ഇ. പി. ഗോപാലൻ
19. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ
20. ശ്രീ. എം. കെ. ഹേമചന്ദ്രൻ
21. ശ്രീ. എ. എൽ. ജേക്കബ്
22. ശ്രീ. ടി. എം. ജേക്കബ്
23. ശ്രീ. ടി. എസ്. ജോൺ
24. ഡോക്ടർ കെ. സി. ജോസഫ്
25. ശ്രീ. പി. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വി. ജെ. ജോസഫ്
28. ശ്രീ. ഇ. കെ. പിള്ള
29. ശ്രീ. എം. കെ. കേശവൻ
30. ശ്രീ. കിട്ടപ്പ നാരായണസ്വാമി
31. ശ്രീ. കെ. കെ. കുമാരപിള്ള
32. ശ്രീ. കെ. ടി. കുമാരൻ
33. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
34. ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. സി. എ. കുര്യൻ
36. ശ്രീ. കെ. വി. കുര്യൻ
37. ശ്രീ. ലോനപ്പൻ നമ്പാടൻ
38. ശ്രീ. ടി. എ. മജീദ്
39. ശ്രീ. കെ. എം. മാണി
40. ശ്രീ. എം. വി. മാണി
41. ശ്രീ. കെ. എ. മാത്യു
42. ശ്രീ. എൻ. പി. മൊയ്തീൻ
43. ശ്രീ. സി. എച്ച്. മുഹമ്മദുകോയ
44. ശ്രീ. കെ. നാരായണക്കുറുപ്പ്
45. ശ്രീ. കല്ലട നാരായണൻ
46. ശ്രീ. കെ. വി. നൂറുദ്ദീൻ
47. ശ്രീ. കെ. പങ്കജാക്ഷൻ
48. ശ്രീ. ടി. എ. പരമൻ
49. ശ്രീ. കെ. വി. പ്രഭാകരൻ
50. ശ്രീ. എം. കെ. രാഘവൻ
51. ശ്രീ. വി. കെ. രാജൻ
52. ശ്രീ. കണിയാപുരം രാമചന്ദ്രൻ
53. ശ്രീ. എം. രാമപ്പ
54. ശ്രീ. പി. ശങ്കർ
55. ശ്രീ. കെ. ശങ്കരനാരായണൻ
56. ശ്രീ. വി. ടി. സെബാസ്റ്റ്യൻ
57. ശ്രീ. പി. സീതി ഹാജി
58. ശ്രീ. ബി. എം. ഷെറീഫ്
59. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കൽ
60. ശ്രീ. പി. എസ്. ശ്രീനിവാസൻ
61. ശ്രീ. എ. വി. താമരാക്ഷൻ
62. ശ്രീ. തോമസ് ജോസഫ്
63. ശ്രീ. ത്യാഗരാജൻ
64. ശ്രീ. ആർ. എസ്. ഉണ്ണി
65. ശ്രീ. കെ. സി. വാമദേവൻ
66. ശ്രീ. പി. കെ. വാസുദേവൻ നായർ
67. ശ്രീ. കെ. പി. വിശ്വനാഥൻ
68. ശ്രീ. എ. എൻ. യൂസഫ്
69. ശ്രീ. സ്റ്റീഫൻ പാട്ടൂവ

LIBRARY ARCHIVES Kerala Legislative Assembly

NOES 38

1. ശ്രീ. ടി. കെ. അബ്ദു
2. ഡോക്ടർ കെ. ജി. അടിയോടി
3. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
4. ശ്രീ. തെന്നല ബാലകൃഷ്ണപിള്ള
5. ശ്രീ. പി. ബാലൻ
6. ശ്രീ. പി. മാസ്ക്കരൻ
7. ശ്രീ. എൻ. മാസ്ക്കരൻ നായർ
8. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ശ്രീ. കെ. ചന്ദ്രശേഖരൻ
10. ശ്രീ. ചടയൻ ഗോവിന്ദൻ
11. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
12. ശ്രീ. വി. ഈച്ചരൻ
13. ശ്രീ. പി. പി. എസ്തോസ്
14. ശ്രീ. എം. പി. ഗംഗാധരൻ
15. ശ്രീ. കെ. ജെ. ജോർജ്
16. ശ്രീ. കെ. കരുണാകരൻ
17. ശ്രീ. പി. കരുണാകരൻ
18. ശ്രീ. എം. കെ. കൃഷ്ണൻ
19. ശ്രീ. എ. പി. കുര്യൻ
20. ശ്രീ. പി. പി. വി. മൂസ്സ
21. ശ്രീ. ടി. എച്ച്. മുസ്തഫ
22. ശ്രീ. ഇ. നാരായണൻ നായർ
23. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
24. ശ്രീ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. എം. വി. രാഘവൻ
26. ശ്രീ. കെ. രാഘവൻ മാസ്റ്റർ
27. ശ്രീ. എ. എ. റഹിം
28. ശ്രീ. എം. വി. രാജൻ
29. ശ്രീ. ടി. കെ. രാമകൃഷ്ണൻ
30. ശ്രീ. കെ. പി. രാമൻ
31. ശ്രീ. പി. ബി. ആർ. പിള്ള
32. ശ്രീ. പി. ആർ. കുറുപ്പ്
33. ശ്രീ. പി. കെ. ശങ്കരൻകുട്ടി
34. ശ്രീ. പി. ആർ. ശിവൻ
35. ശ്രീ. സുബ്രഹ്മണ്യ ഷേണായി
36. ശ്രീ. സി. വാസുദേവമേനോൻ
37. ശ്രീ. പിണറായി വിജയൻ
38. ശ്രീ. സേവ്യർ അറയ്ക്കൽ

LIBRARY ARCHIVES Kerala Legislative Assembly

NEUTRALS—NIL

Mr. Speaker: Those for the motion = 69
Those against the motion = 38
Neutrals Nil

The demand was declared passed and the grant was made.

Demand XIII—Jails

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri Pinarayi Vijayan was put and lost.

The cut motion moved by Shri M. V. Raghavan was put and lost.

The cut motion moved by Shri T. K. Ramakrishnan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri A. Neelalohithadasan Nadar was put and lost.

The question that a sum of Rs. 1,44,83,900 be granted under Demand XIII—Jails was put and carried.

The demand was passed and the grant was made.

Demand XL—Ports

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. P. Gangadharan was put and lost.

The cut motion moved by Shri Pinarayi Vijayan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The cut motion moved by Shri M. V. Raghavan was put and lost.

The cut motion moved by Shri T. K. Ramakrishnan was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri A. Neelalohithadasan Nadar was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The question that a sum of Rs. 6,57,99,200 be granted under Demand XL—Ports was put and carried.

The demand was passed and the grant was made.

Mr. Speaker: Order, Order. The House will now adjourn and meet again at 8.30 a. m. on Thursday, March 29, 1979.

1979 മാർച്ച് 29-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 2.08-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly